പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 94 8.6.2015 ൽ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടി

ചോദ്യം
ശ്രീ.കെ.രാജു

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയായ കരുതൽ-2015 ലേക്ക് അപേക്ഷ സ്വീകരിച്ച് തുടങ്ങിയത് ഏത് തീയതി മുതലാണെന്ന് വ്യക്തമാക്കുമോ; | എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയായ കരുതൽ-2015 ലേക്ക് 16.3.2015 മുതൽ അപേക്ഷ സ്വീകരിച്ചു തുടങ്ങി. |
| ബി) പ്രസ്തുത തീയതിക്കുശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് ജനസമ്പർക്ക പരിപാടി മുഖേന അല്ലാതെ ദുരിതാശ്വാസ നിധിയിലേക്കുള്ള എത്ര അപേക്ഷകൾ ലഭിച്ചു എന്നു വ്യക്തമാക്കുമോ;<br>സി) മറ്റ് വിവിധ തരത്തിലുള്ള എത്ര പരാതികൾ ലഭിച്ചുവെന്നും ഇതിൽ ജനസമ്പർക്ക പരിപാടി വഴിയല്ലാതെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച അപേക്ഷകൾ എത്രയെന്നും വ്യക്തമാക്കുമോ;<br>ഡി) ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ ഏതെങ്കിലും ജനസമ്പർക്ക പരിപാടി വഴി തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ എന്നും ഏതെല്ലാം തരത്തിലുള്ളവയെന്നും ഇനം തിരിച്ച് നൽകുമോ ? | ബി+സി+ഡി)<br>17.03.2015 മുതൽ 8.6.2015 വരെ വിവിധ തരത്തിലുള്ള 39,676 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 21,114 അപേക്ഷകൾക്ക് ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചു. ഇവയിലൊന്നും തന്നെ ജനസമ്പർക്ക പരിപാടി വഴി തീർപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ